# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1975 08.03.2018 ലെ മറുപടിയ്ക്ക്

**പദ്ധതി നിർവ്വഹണ ചുമതല സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ ഉത്തരവ്**

**ചോദ്യം** **ഉത്തരം**

ശ്രീ.പി.ഉബൈദുള്ള

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല ഏതാനും ഉദ്യോഗസ്ഥരിലേക്ക് മാത്രമാക്കി ചുരുക്കി സംസ്ഥാന ട്രഷറി ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല ഏതാനും ഉദ്യോഗസ്ഥരിലേക്ക് ചുരുക്കി ട്രഷറി ഡയറക്ടർ ഉത്തരവിറക്കിയിട്ടില്ല. |
| (ബി) | സാമ്പത്തിക വർഷാവസാനം ഇങ്ങനെയൊരു ഉത്തരവ് ഇറക്കാനുള്ള സാഹചര്യം വിശദീകരിക്കാമോ; ഇതുമൂലം പദ്ധതി നടത്തിപ്പ് അവതാളത്തിലാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല നടപ്പിലാക്കുന്നതിനു വേണ്ടി തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 07/02/2018, 26/12/2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നം സർക്കാർ കത്തുകൾ പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡിഡിഒ-മാരായി നിയോഗിക്കാനുള്ള നിർദേശം ട്രഷറി ഡയറകടർക്ക് സർക്കാർ നൽകുകയാണുണ്ടായത്. ആകയാൽ പദ്ധതി നടത്തിപ്പിന് യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകാനിടയില്ല. |
| (സി) | നേരത്തെയുള്ള തീരുമാന പ്രകാരം താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഡി.ഡി.ഒ. കോഡ് തിരിച്ചെടുക്കുവാൻ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, വർഷാവസാന പദ്ധതി കാര്യക്ഷമമാക്കുന്നതിനും, നിർവഹണ ച്ചമതല താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്ക് തന്നെ നൽകി ഉത്തരവിറക്കുമോ? | | തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ ചെയ്ത എല്ലാ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരെയും 2018 മാർച്ച് 31 വരെ ഡി.ഡി.ഒ. മാരായി നിശ്ചയിക്കാൻ ധനകാര്യ വകുപ്പ് തീരുമാനമെടുത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ